പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *80 08.01.2014 -ലെ മറുപടിക്ക്.

## കെട്ടിടനിർമ്മാണ മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെട്ടിടനിർമ്മാണ മേഖലയിൽ അപകടങ്ങളും അപകട മരണങ്ങളും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അപകടമൊഴിവാക്കാൻ നിലവിലുള്ള സുരക്ഷാ ക്രമീകരണങ്ങളിൽ എന്തെങ്കിലും അപാകതകളുണ്ടോ എന്ന കാര്യം പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ; | (ബി) കെട്ടിട നിർമ്മാണ മേഖലയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) നിയമവും ചട്ടങ്ങളും പ്രകാരമുള്ള സുരക്ഷ ക്രമീകരണങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി ഉറപ്പു വരുത്താറുണ്ട്. നിലവിലുള്ള സുരക്ഷ ക്രമീകരണങ്ങളിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തിവെക്കുന്നതിനുള്ള 'സ്റ്റോപ് മെമ്മോ' നല്കുകയും, ഉടമക്കെതിരെ പ്രോസിക്യൂഷൻ അടക്കമുള്ള നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷ ആഡിറ്റ് നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ബഹുനില കെട്ടിട നിർമ്മാണത്തിനിടെ അപകടം പറ്റുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ എന്തൊക്കെ സമാശ്വാസ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണെങ്കിൽ ചികിത്സാ ധനസഹായം നല്കുന്നുണ്ട്. |

| | |
|---|---|
| | അപകടത്തിൽ മരണപ്പെടുകയാണെങ്കിൽ മരണപ്പെട്ട തൊഴിലാളിയുടെ ഭൗതിക ശരീരം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, മരണപ്പെട്ടയാളുടെ നോമിനിക്ക് 50,000/- രൂപയുടെ സാമ്പത്തിക സഹായം എന്നിവ നല്കിവരുന്നു. അപകടത്തിൽപ്പെടുന്ന തൊഴിലാളിക്ക് ശരിയായ ചികിത്സ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താറുണ്ട്. കൂടാതെ 1926 ലെ എംപ്ലോയീസ് കോമ്പൻസേഷൻ നിയമ പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.<br><br>സെക്ഷൻ ഓഫീസർ |